## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1369 — 15-06-2012 - ലെ മറുപടിയ്ക്ക്

## കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

### ചോദ്യം

ശ്രീ. എം. ഉമ്മർ

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികളെക്കുറിച്ച് വിശദമാക്കുമോ ;

### മറുപടി

ശ്രീ. കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) 2012-13 ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1) കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി 50 കോടി രൂപ വിനിയോഗിച്ച് സംയോജിത കാർഷിക വികസനപദ്ധതി.
2) പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ മറ്റ് ധാന്യങ്ങൾ എന്നിവക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
3) നാളികേരത്തിന്റെ ഉത്പാദനം മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തുന്നതിനായി സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കും. ഇതിനായി നാളികേര ഉത്പാദന സംഘങ്ങൾ രൂപീകരിക്കും.
4) നാളികേരത്തിന്റെ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന പുതിയ യൂണിറ്റുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകും.
5) 10 കോടി രൂപയുടെ ജൈവ കൃഷി പ്രോത്സാഹനം.
6) ആനയറ, വേങ്ങേരി വിപണികൾ അഗ്രിസൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിന് 50 കോടി ചെലവഴിക്കും.
7) എസ്.എച്ച്.എം. വഴി പഴം, പച്ചക്കറി, കൊക്കോ, കിഴങ്ങ്, കശുവണ്ടി, സുഗന്ധവിള കൃഷി പദ്ധതികൾ നടപ്പിലാക്കും.
8) 1 കോടി രൂപ ചെലവിൽ ഒരു ''പൈനാപ്പിൾ മിഷൻ'' ആരംഭിക്കുന്നതാണ്.

(ബി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ ;

(ബി) 2005 വർഷം മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 2012 ഫെബ്രുവരി മുതൽ സപ്ലൈകോ മുഖേനയും നെല്ല് സംഭരിച്ചു വരുന്നു. നാളികേരത്തിനുണ്ടാകുന്ന വിലത്തകർച്ചയിൽ നിന്നും കർഷകരെ സഹായിക്കുന്നതിനായി നാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാർ അതാതു വർഷം പ്രഖ്യാപിക്കുന്ന താങ്ങുവിലയനുസരിച്ച് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നിവ മുഖേനയാണ് കൊപ്രാ സംഭരണം നടപ്പിലാക്കുന്നത്. കൃഷി വകുപ്പു വഴി നടപ്പാക്കുന്ന കമ്മോഡിറ്റി സേഫ്റ്റി പദ്ധതിയിലൂടെ ഇഞ്ചി, ഏലം എന്നീ വിളകളുടെ വിലയിടിവിന് കർഷകർക്ക് ആശ്വാസം പകരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്തവ്യാപാര വിപണികളിലൂടെ കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള പഴം, പച്ചക്കറികൾ തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ നേരിട്ടു ലേലം ചെയ്ത് വിപണനം നടത്തുന്നു. ഓരോ ഉല്പന്നങ്ങളേയും തരംതിരിച്ച് ഗുണനിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിച്ചിട്ടാണ് ലേലം ചെയ്യുന്നത്. കർഷകർക്ക് ന്യായമായ വിധത്തിൽ നിശ്ചയിക്കുന്ന ഈ അടിസ്ഥാന വില, ലേലത്തിൽ താഴ്ന്നുപോകാതിരിക്കുവാൻ, സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ് എല്ലാ ലേലത്തിലും പങ്കെടുക്കുന്നു.

(സി) പച്ചക്കറി വില കുറച്ച് നൽകുന്നതിനായി ആരംഭിച്ച മൊബൈൽ സ്റ്റാളുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നെൽകൃഷിക്കാർക്കായി നടപ്പാക്കി വരുന്ന പ്രത്യേക സഹായം ഏതെല്ലാമെന്ന് അറിയിക്കുമോ ?

(ഡി) നെൽകൃഷി ചെയ്യുന്ന കർഷകർക്കായി കൃഷി വകുപ്പ് താഴെ പറയുന്ന സഹായങ്ങൾ വിവിധ പദ്ധതികൾ വഴി നടപ്പിലാക്കിവരുന്നു.

1) ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 3000/- രൂപ നിരക്കിൽ സഹായം ധനം.
2) കിലോഗ്രാമിന് 15 രൂപ നിരക്കിൽ സംസ്ഥാനമൊട്ടാകെ നെല്ല് സംഭരണം
3) ഭൂപരിധിയില്ലാതെ സൗജന്യ വൈദ്യുത

പദ്ധതി

4) നെൽപാടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള സഹായധനം.

5) നെൽകൃഷിക്ക് ഉൽപാദന ബോണസായി 350/- രൂപ വീതം ഒരു ഹെക്ടറിന് ഓരോ സീസണിലും നൽകി വരുന്നു.

6) പ്രകൃതിക്ഷോഭം മൂലം നെൽകൃഷി നശിച്ചാൽ 10,000/- രൂപ നിരക്കിൽ ധനസഹായം.

7) അതോടൊപ്പം ഇൻഷ്വർ ചെയ്ത നെൽകൃഷിക്ക് ഹെക്ടറിന് 12500/- രൂപ വീതം ഇൻഷ്വറൻസ് സംരക്ഷണം.

സെക്ഷൻ ഓഫീസർ